# മതിയായ രേഖകളില്ലാതെ ഗൾഫിലേക്ക് പോയവരുടെ പ്രശ്നം പരിഹരിക്കണമെന്ന്

**കൊച്ചി:** ജോബ് കോൺട്രാക്ടും എമിഗ്രേഷൻ ക്ലിയറൻസും ഇല്ലാതെ ഗൾഫ് രാജ്യങ്ങളിലേക്കു പോയവരുടെ പ്രശ്നങ്ങളിലേക്ക് സർക്കാരിന്റെ അടിയന്തരശ്രദ്ധ ആവശ്യമാണെന്ന് എൻജിഒ സംഘടനയായ സെന്റർ ഫോർ ഇന്ത്യൻ മൈഗ്രന്റ്സ് സ്റ്റഡീസ് (സിഐഎംഎസ്) ഡയറക്ടർ റഫീക്ക് റാവുത്തർ. നിരവധിയാളുകളാണ് ഇ മൈഗ്രന്റ് സിസ്റ്റം മറികടന്ന് ഗൾഫ് രാജ്യങ്ങളിൽ എത്തി ദുരിതമനുഭവിക്കുന്നതെന്നും അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞു.

ഇസിആർ (എമിഗ്രന്റ് ക്ലിയറൻസ് ആവശ്യമായ) രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റിനായി 2015ൽ കേന്ദ്രസർക്കാർ ആരംഭിച്ച സംവിധാനമാണ് ഇ മൈഗ്രന്റ്. ഇതിൽ തൊഴിലാളികളെ ആവശ്യമായ തൊഴിൽ ദാതാക്കൾ രജിസ്റ്റർ ചെയ്യുകയാണ് വേണ്ടത്. ഈ തൊഴിൽ അവസരങ്ങളെക്കുറിച്ച് ഇന്ത്യൻ എംബസി വഴി ഏജന്റുമാർക്ക് വിവരങ്ങൾ ലഭിക്കും. ഇതുവഴി ജോലിക്കു പ്രാപ്തരായവരെ റിക്രൂട്ട് ചെയ്യാനും സാധിക്കും.

ഇ മൈഗ്രന്റ് സംവിധാനം വഴിയായി വിദേശ രാജ്യങ്ങളിൽ എത്തുന്നവരുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് അവിടുത്തെ ഇന്ത്യൻ എംബസിക്കു സാധിക്കും. എന്നാൽ ഈ സംവിധാനം വഴിയല്ലാതെ വിദേശരാജ്യങ്ങളിൽ എത്തിപ്പെട്ട നിരവധിയാളുകളുണ്ട്.

ഇവരുടെ കൈയിൽ ആവശ്യമായ രേഖകളില്ലാത്തതിനാൽ എംബസിക്ക് ഇവരുടെ പ്രശ്നങ്ങളിൽ ഇടപെടാനാവില്ലെന്നും റഫീക്ക് റാവുത്തർ പറയുന്നു.

ഈ സംവിധാനത്തെ മറികടന്ന് ഗൾഫ് രാജ്യങ്ങളിൽ എത്തി നിരവധി സ്ത്രീകളും പുരുഷന്മാരും ദുരിതജീവിതം അനുഭവിക്കുന്നുണ്ട്. നിലവിൽ ഇത്തരത്തിലുള്ള മുന്നൂറോളം ആളുകളുടെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാർ തുടങ്ങിയ പ്രവാസി പ്രശ്ന പരിഹാര സെല്ലായ മദദിൽ തങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

ഇ മൈഗ്രന്റ് സംവിധാനങ്ങളിൽ രജിസ്റ്റർ ചെയ്യാതെ സൗദിയിലേക്ക് എത്തിപ്പെട്ട പലരും കൊടിയ മർദനങ്ങൾക്കാണ് ഇരയാകുന്നത്. നാട്ടിലെ ഏജന്റിന്റെ വാക്ക് വിശ്വസിച്ച് കടൽ കടന്നവരാണ് ഇതിൽ കൂടുതൽ.

ഇത്തരക്കാർക്ക് അമിത ജോലി ചെയ്യേണ്ടിവരുന്നുവെന്നു മാത്രമല്ല, ഭക്ഷണവും വിശ്രമവും നിഷേധിക്കപ്പെടുകയാണെന്നും പരാതിയുണ്ട്.

കൊടിയ പീഡനങ്ങൾക്കിരയായി ഗൾഫ് രാജ്യങ്ങളിൽ നിന്ന് ഇന്ത്യൻ എംബസി വഴി രക്ഷപെട്ട് നാട്ടിലെത്തുന്നവർ ഏജന്റിനെതിരെ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയാലും നടപടികൾ സ്വീകരിക്കാത്ത സ്ഥിതിയാണെന്നും അദ്ദേഹം പറഞ്ഞു.

വീട്ടുജോലിക്കായി സൗദിയിൽ എത്തി ദുരിതത്തിലായി തിരികെ എത്തിയ മിനി രവീന്ദ്രൻ, ഷിജാ ബോബൻ, മോളി സെബാസ്റ്റ്യൻ, ഷിജി കുട്ടപ്പൻ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.